പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**ആലപ്പുഴ ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1389 — 02.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കുമോ; | (എ) | നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും, അനുമതി ലഭിയ്ക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾ നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായപദ്ധതികൾ നിലവിലുള്ളത്; | (ബി) | കാർഷിക മേഖല, അംഗൻവാടി, കുടിവെള്ള പദ്ധതി, ജലസേചനം, റൂറൽ ബ്രിഡ്ജ്, ഗ്രാമീണ വിദ്യാഭ്യാസ മേഖല, ഗ്രാമീണ ആരോഗ്യമേഖല, റൂറൽ റോഡ്, വെയർ ഹൗസ്, ഡ്രൈനേജ് ആന്റ് ഫ്ളഡ് പ്രൊട്ടക്ഷൻ, മാർക്കറ്റ് യാർഡ് എന്നിവയാണ് മേഖലകൾ. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശം നൽകുമോ; | (സി) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ഡി) | നബാർഡ് സഹായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽ നിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | നബാർഡ് സഹായ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി ആലപ്പുഴ ജില്ലയിൽ നിന്നും പുതിയ പദ്ധതികൾ ഒന്നും പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്